# MIND FILE

**A DIGITAL MAGAZINE BY 2022-2025 BATCH**

## ടി.എം.എച്ച്.എസ്.എസ്. വെള്ളോറ





# ഉള്ളടക്കം


രക്തസാക്ഷി.........6

കോശിശ് കർ.........7

Joyful Step Journey of Smile.........9

Showering Rain......... ......10

മധുമക്ഷിക.........12

സ്വരഭേദം......... ....14

ബച്പൻ.........18

In the Lap of Nature.........20

നിയന്ത്രണം.........22

എൻ കുളിർകാറ്റ്.... .........24

My Guardian.........28

Lovely Mother.........29

संस्कृतशिक्षणे नाटकस्य महत्वम्

# ചരിത്രത്തിലൂടെ...



വെള്ളോറ നാടിന്റെ ചരിത്രഗതിക്ക ഗുണപരമായ വേഗത കൂട്ടിയ വിദ്യാഭ്യാസ കേന്ദ്രമാണ് ടാഗോർ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ. സാമൂഹിക സാമ്പത്തിക പരിമിതികളുടെ തടസ്സം തട്ടിമാറ്റി 1964 ൽ പ്രവർത്തനമാരംഭിച്ച്, ഇന്ന് ജില്ലയിലെ മികച്ച വിദ്യാഭ്യാസ സ്ഥാപനമായി തലയുയർത്തി നിൽക്കുന്ന ഈ സ്കൂളിന്റെ വികസന ചരിത്രം ആത്മാർത്ഥതയുടെയും സേവനതല്പരതയുടെയും പുരോഗമന വീക്ഷണത്തിന്റെയും വിജയചരിത്രം തന്നെയാണ്.

1963 ഡിസംബർ 18 ന് ടാഗോർ മെമ്മോറിയൽ എഡ്യൂക്കേഷൻ സൊസൈറ്റിക്ക് രൂപം നൽകി. കെ. പി വർഗീസ് പ്രസിഡന്റ്, പി ദാമോദരൻ നമ്പ്യാർ സെക്രട്ടറി എന്നിവർ ആദ്യ ഭാരവാഹികൾ ആയിരുന്നു.1964 ഏപ്രിൽ മാസത്തിൽ ഹൈസ്കൂൾ അനുവദിക്കപ്പെട്ടു. അന്നത്തെ വൈധ്യുത വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ എം എൻ ഗോവിന്ദൻ നായർ സ്കൂൾ ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

സ്കൂൾ ചരിത്രത്തിലെ മറ്റൊരു നിർണായക വർഷമായി 2000 ത്തെ കണക്കാക്കാം. അന്നത്തെ ഇടതുപക്ഷ ഗവണ്മെന്റ് സ്കൂളിൽ ഹയർസെക്കണ്ടറി അനുവദിച്ചു നൽകി. ഇന്ന് 2024 ൽ എത്തിനിൽക്കുമ്പോൾ പഠനത്തോടൊപ്പം കലാകായിക മത്സരങ്ങളിലും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളിലും സംസ്ഥാന തലത്തിൽ മുന്നിട്ട് നിൽക്കുകയാണ് നമ്മുടെ വിദ്യാലയം.

# ആശംസകളോടെ...



കുട്ടികളുടെ സർഗാത്മക കഴിവുകൾ ഏറ്റവും ഗുണാത്മകമായ രീതിയിൽ പ്രകടിപ്പിക്കുവാൻ ഡിജിറ്റൽ മാഗസിനിലൂടെ സാധിക്കുന്നു എന്നത് ഏറെ അഭിമാനകരമാണ്. വളരെ ഭംഗിയാർന്ന വരികളിലൂടെയും വരകളിലൂടെയും നിങ്ങളിതിനെ സമ്പുഷ്ടമാക്കി. കുട്ടികളുടെ രചനാവൈഭവത്തോടൊപ്പം സാങ്കേതിക വിദ്യയും സമന്വയിക്കുന്ന ടാഗോർ മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ MIND FILE ന് എല്ലാവിധ ആശംസകളും...

**ദാമോദരൻ പി**

**പ്രിൻസിപ്പാൾ**

# ആശംസകളോടെ........



കുട്ടികൾ കണ്ടതും കേട്ടതും അറിഞ്ഞതും അനുഭവിച്ചതുമായ കാര്യങ്ങൾ സ്വതന്ത്രമായി മികച്ച രീതിയിൽ പ്രകടിപ്പിക്കാനുള്ള അവസരം ലിറ്റിൽ കൈറ്റ്സിന്റെ MIND FILE ലൂടെ സാധിക്കുന്നു എന്നത് ഏറെ അഭിമാനം നൽകുന്നു. ഭാവനാപൂർണമായ എഴുത്തുകൾ, വരകൾ അടങ്ങിയ ഡിജിറ്റൽ മാഗസിൻ പ്രവർത്തനത്തിന് എല്ലാവിധ ആശംസകളും... ഇതൊരു കുതിപ്പിന്റെ ചരിത്രമാകട്ടെ...

**സി ബി ഗീത**

**ഹെഡ്മിസ്ട്രസ്**

# വിദ്യാലയത്തിന്റെ അഭിമാനതാരങ്ങൾ ...



# രക്തസാക്ഷി



മങ്ങിപ്പടർന്ന പിഞ്ഞാണവർണ്ണത്തിൽ,
തേഞ്ഞുപഴകിയ പാത്രങ്ങക്കിടയി -
ലായിരുന്നവൾ ശ്വസിച്ചിരിന്നത്.

ഊതിപ്പെരിപ്പിച്ചവൾ ഇനിയും എരിഞ്ഞുതീരാത്ത
തന്നിലെ കനലിനെയെന്നും
കരിപുരണ്ടു കരുത്തുപോയവളിലെ
വികാരങ്ങളാരും കണ്ടില്ലെന്നുമാത്രം.

നീറിയെരിഞ്ഞ നഗ്നമാം മുറിവുകൾ
ഒരു തുണ്ടുകടലാസ്സിൽ അവൾ എഴുതിച്ചേർത്തിരുന്നു.
ഏതോ മൂലയ്ക്ക ഇരുട്ടത്തവ ഞെരിഞ്ഞമർന്നപ്പോൾ,
ഉയർന്നിരുന്നു അവളിൽനിന്നൊരു ചെറുനിശ്വസം.

യുദ്ധം...,അസമയത്തിന്റെ മണ്ണിൽ ആടിയുലഞ്ഞ
അവഗണനയുടെ നിറംമങ്ങിയ കൊടികൾ!
ആ യുദ്ധത്തിൽ അവളെന്നും ഒരു പോരാളിയ
അവളിലെരിഞ്ഞ കവിത രക്തസാക്ഷിയുമാ



അന്ന സെയ്ന

# कॊशिश कर

कॊशिश कर , हल निकलेगा,
आज नही तॊ , कल निकलेगा ।

अर्जुन सा  लक्ष्य रख , निशाना लगा ,
मरुस्थल से भी फिर , जल निकलेगा ।

मेहनत कर , पौधॊ कॊ पानी दें ,
बंजर में भी फिर , फल निकलेगा ।

ताकत जुटा , हिम्मत कॊ आगा दे ,
फौलाद का भी , बल निकलेगा ।


सीने में उम्मीदॊ कॊ , जिंदा रख,
समन्दर से भी , गंगाजल निकलेगा ।

कॊशिशॊ जारी रख , कुछ कर गुजरने की ,
जॊ कुछ थमा — थमा है , चल निकलेगा ।

कॊशिश कर , हल निकलेगा ,
आज नही तॊ , कल निकलेगा ।



षारॊन वर्गीस ।
10 D


Parvathi A. Nair
8E

# JOYFUL STEP JOURNEY OF SMILE



- **Abhinaya & Rosna Mol**


# SHOWERING RAIN



[illegible]



Nanmasree
9 E



Ashitha PV
9 D

# मधुमक्षिका

मधुमक्षिके मधुमक्षिके मामक सविधे आगच्छतु
पुष्पात् चित्वा मधुरं ददतु ।
तव यात्रायाः कथां वदतु
मधुमक्षिके मधुमक्षिके मामक सविधे आगच्छतु ।।
विचित्राणि कार्याणि माम् सूचय
देशस्य कथां मां श्रावयतु
मधुमक्षिके मधुमक्षिके मामक सविधे आगच्छतु ।।
चित्र विचित्रं कार्यं वदतु
आकशस्य मनोहरतां च
मधुमक्षिके मधुमक्षिके मामक सविधे आगच्छतु ।।
सुन्दरतायाः रहस्यं वदतु
मधुर शब्दस्य रहस्यं वदतु
मधुमक्षिके मधुमक्षिके मामक सविधे आगच्छतु ।।



आग्नेया ।

कक्षा - नवमी ।





VAIGA JIJEESH
8 D

# സ്വരഭേദം

ഗോപുവും  അമ്മയും ഒറ്റക്കാണ് താമസം.അവന്റെ അച്ചൻ മരിച്ചു പോയിരുന്നു.അവർ അമ്മയുടെ വീട്ടിലാണ് താമസം.അവിടെ അമ്മയുടെ അനിയത്തി ഉണ്ടായിരുന്നു. ഗോപു ഓപ്പോൾ എന്നാണ് വിളിച്ചിരുന്നത്. അമ്മയും ഓപ്പോളും നല്ല കൂട്ടുകാരികളാണ്. ഓപ്പോളിന് മക്കളുണ്ടായിരുന്നില്ല. അതുകൊണ്ട് ഗോപുവിനെ അവർ സ്വന്തം മകനെ പോലെയാണ് കാണുന്നത്.

ഒരു അവധിക്കാലം ഗോപുവിന്റെ അമ്മായിയും അവരുടെ മകളായ മീനുവും കൂടി ഗോപുവിന്റെ വീട്ടിൽ താമാസിക്കാൻ വന്നു.വിദേശത്ത് വളർന്നതുകൊണ്ട് അവൾക്ക് നാട്ടിൻപ്പുറത്തെ കാഴ്ചകളൊക്കെ അത്ഭുതമായിരുന്നു.ഗോപുവിന്റെ കൂട്ടുകാരായ ആദി,അപ്പു,അഭി എന്നിവരുടെ കൂടെ കളിക്കുവാൻവേണ്ടി അവൻ മീനുവിനെയും കൂട്ടി.  കൂട്ടുകാർക്ക് മീനു ആരാണ് എന്ന് മനസിലായില്ല.

“ഇതാരാ ഗോപു ? ” കൂട്ടുകാർ ചോദിച്ചു.

"ഇത് എന്റെ അമ്മായീടെ മോളാ..,മീനു . വിദേശത്താണ് അവർ താമാസം.വെക്കേഷന് വന്നതാ.നമ്മൾക്ക് ഇവളെ നമ്മുടെ കൂട്ടുകാരി ആക്കികൂടെ...?”

"പിന്നെന്താ...” എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു.

അങ്ങനെ അവർ ഉറ്റ ചങ്ങാതിമാരായിമാറി.

ദിവസങ്ങൾ കടന്നുപോയി.

ഒരു ദിവസം അഭി പറഞ്ഞു , “കൂട്ടുകാരെ നമുക്ക് നാരായണേട്ടന്റെ തോണിയിൽ കയറി ഒന്നു കറങ്ങിയാലോ.. വേഗം തിരിച്ചുവരാം.”

“അയ്യോ ഞാനില്ല. “'അമ്മ ചീത്തപറയും”. മീനുവിന് പേടിയായി.

“വേഗം വരാം. ഗോപൂ നീ എന്തെങ്കിലും പറഞ്ഞിട്ട് വാ. മീനുവിനെയും കൂട്ടിക്കോ.”

“അങ്ങനെ ഗോപുവും മീനുവും വീട്ടിൽ എത്തി. അമ്മയോട് എന്ത് പറയണമെന്ന് ചിന്തിക്കുകയായിരുന്നു.

ഗോപു. പെട്ടെന്നൊരു ഉപായം കിട്ടി.

“അമ്മേ ഞാനും മീനും കൂടി അപ്പൂന്റെ വീട്ടിൽ കളിക്കാൻ പോയിക്കോട്ടെ?"

ഒന്നാലോചിച്ച ശേഷം അമ്മ പറഞ്ഞു.

“ശരി, പക്ഷെ അധികം വൈകരുത്. വൈകുന്നേരത്തിനു മുമ്പ് ഇവിടെ എത്തണം."

മീനുവും ഗോപുവും വരുന്നത് കണ്ടപ്പോൾ തന്നെ അപ്പുവിന് സന്തോഷമായി.

വരൂ നമുക്ക് വേഗം പുറപ്പെടാം.

“എനിക്ക് പേടിയാകുന്നു അമ്മ അറിഞ്ഞാലോ " ഗോപു പറഞ്ഞു.

ഒന്നും പറ്റില്ല ഗോപു. നമുക്ക് വേഗം വരാലോ. ദേ നാരാണേട്ടൻ വരുന്നു.

അപ്പു തുള്ളിച്ചാടി.

“നാരാണേട്ടാ.... നാരാണേട്ടാ "

“അല്ല ആരൊക്കെയാ ഇത്.ഇവിടൊക്കെ തന്നെ ഉണ്ടായിരുന്നോ?കാണാറേ ഇല്ലല്ലോ ”

“ഇവിടെ തന്നെ ഉണ്ടായിരുന്നു."

“ഇതാരാ ഈ പുതിയ ആൾ "

“ഗോപൂന്റെ അമ്മായിയുടെ മകളാണ് "

“അത് ശെരി, എന്താ മോളുടെ പേര്? "

“മീനു "

“ ശരി ഇപ്പോൾ എന്തിനാ എന്നെ വിളിച്ചേ ”

“ഞങ്ങൾക്ക് ഒരു ആഗ്രഹം ഒന്ന് തോണിയിൽ കയറണം "

“ഓ അത്രേയുള്ളൂ.... നിങ്ങൾ കയറ്. നമുക്ക് കുറച്ച് ദൂരം പോയിവരാം...."

എല്ലാവരും വളരെ ആവേശത്തോടെ തോണിയിൽ കയറി.

നേരം സന്ധ്യയായിട്ടും കുട്ടികളെ കാണാതെ ഗോപുവിന്റെ അമ്മ അപ്പുവിന്റെ വീട്ടിൽ പോയി. അവിടെ

അപ്പുവിന്റെ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. “ചേച്ചി ഗോപു ഇങ്ങോട്ട് വന്നോ "

“ഇല്ലല്ലോ കുട്ടുകാർ എല്ലാം ചേർന്ന് എങ്ങോട്ടോ പോകുന്നുണ്ടെന്നു പറഞ്ഞിരുന്നല്ലോ? "

“ആണോ എന്നോട് ഒന്നും പറഞ്ഞില്ല "

“ചേച്ചിയും മകളും വന്നിട്ടുണ്ടല്ലേ? ഗോപു പറഞ്ഞു.”

“ഉണ്ട്, അതാ പേടി മീനുവും അവരുടെ കൂടെ പോയിട്ടുണ്ട്.ചേച്ചിക്കവിടെ ഇരിക്കപൊറുതിയില്ല.”

കുറച്ചു സമയം കഴിഞ്ഞപ്പോൾ കുട്ടികൾ എത്തി.

ഗോപുന്റെ വീട്ടിൽ വലിയ ബഹളം നടന്നു. മീനുവിനെ അവളുടെ അമ്മ കുറെ വഴക്ക് പറഞ്ഞു.

കുറച്ചു കഴിഞ്ഞപ്പോൾ അമ്മായിയുടെ നിലവിളി.

“എന്റെ മകളുടെ മാല കാണുന്നില്ല. സ്വർണത്തിനൊക്കെ ഇപ്പൊ എന്തൊരുവിലയാ.... "

“ഇവിടെ എവിടെയെങ്കിലും ഉണ്ടാകും ചേച്ചി സമാധാനിക്ക് "

“ഇവിടെയൊന്നും ഇല്ല കളിക്കാൻ പോയപ്പോ ആരോ എടുത്തതാ "

“ചേച്ചി എന്തൊക്കെയാ ഈ പറയുന്നേ "

“ചിലപ്പോ നിങ്ങളുടെ ദാരിദ്ര്യം തീർക്കാൻ നിങ്ങളുടെ മകൻ തന്നെ ആവും എടുത്തത് ."

“ചേച്ചി "

ഗോപുവിന്റെ അമ്മ ആകെ തകർന്നുപോയി.

അവിടെ വലിയ വഴക്ക് നടന്നു.

ഗോപുവും അമ്മയും വീട് വിട്ടിറങ്ങി. ഗോപു  അവന്റെ അമ്മയെ നോക്കി കരഞ്ഞു. അവന്റെ അമ്മയ്ക്കറിയാം

അവർക്കറിയാമായിരുന്നു അവൻ തെറ്റൊന്നും ചെയ്തിട്ടില്ലെന്ന്.

അവർ  ബസ് സ്റ്റോപ്പിൽ എത്തി.

ഗോപുവിന്റെ കൂട്ടുകാരൊക്കെ അവനെ കാണാൻ വന്നു. “ഗോപു ഇനി നമ്മൾ കാണുമോ "എല്ലാരും കരഞ്ഞു.

ബസ് പുറപ്പെട്ടു.

നാരാണേട്ടൻ കുട്ടികളുടെ അടുത്തേക്ക് തിടുക്കത്തിൽ വന്നു.

തോണിയിൽ നിന്നും ഒരു മാല കിട്ടി.


മീനുവിന്റെ ആണെന്ന് തോന്നുന്നു. കുട്ടികൾ ഒരുമിച്ച് വിളിച്ച് പറഞ്ഞു.

“ഗോപു മാല കിട്ടി “

പക്ഷെ ബസ് അവിടെ നിന്നും ദൂരെ എത്തിയിരുന്നു.

● ഔർവ്യശ്രീ

9 E





ALFIN GEORGE
8F

# बचपन

.............................


एक बचपन का जमाना था
जिस्में खुशियॊ का खजाना था
चाह्ते चाँद कॊ पाने की थी......
पर दिल तितली का दिवाना था.....
खबर ना थी कुछ सुबह की
ना शाम का ठिकना था,
थक कर आना स्कूल से............
पर खेल्ने भी जाना था,
माँ की कहानी थी,
परियॊ का फसाना था
बारिश् में कागाज की नाव थी
हर मौसम सुहाना था ।




षारॊन वर्गीस ।

10.D







ANURAJ P V
8D

# IN THE LAP OF NATURE

e warm breeze embraces
everything looks surreal
And I preach while I realise
the astonishing beauty of the mother;
I let my mind rely on to her

The plants dancing with the wind
as I capture them in my mind
The bird spread out its wing
And I together with her sing;
to the harmony of life

These birds and words are all I have
This breeze and peace are all I crave
My mother nature is the one who gave
These emotions that make me brave
enough to let it all out.


As I walked through the shore
the sun kissed through my skin
but he came not to see me
because all the time
he was glancing at the nature only

Anyone could sense the affection
all admired the nature
for she shall be the creator of life
and the role producer
while all be in a rush to consume

The trees looked at me from above;
they smile as we cherished the love,
we have here with us.
Together we embrace the kind
and forever we adore the mother.



DEVANANDA S NAIR
10 D






ASHWIN M V
9 C

# നിയന്ത്രണം

കാലാകാലങ്ങളായി
ഉണ്ടാക്കി വച്ച
നല്ലതും ചീത്തയുമായ
നിയമവലകൾ

പഴകി ദ്രവിച്ചതും
അലിഖിതങ്ങളുമായ
മാമൂൽ സിദ്ധാന്തങ്ങൾ

അന്ധവിശ്വാസജടകളിൽ
കുടുങ്ങി ശ്വാസം മുട്ടുന്ന
നാനാതരം 'മദ 'ങ്ങൾ

ഭരണകൂടങ്ങൾ അടിച്ചേൽപ്പിച്ചതും
അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കുന്നതുമായ
വികല ചട്ടങ്ങൾ

ചൂഷണങ്ങളുടെ
'കോർപ്പറേറ്റ് ' അധോലോകങ്ങൾ
വിശാലമായി വിരിപ്പിട്ട
'ഏകധ്രുവലാഭസമ്മത നിർമ്മിതികൾ '

കുടുംബങ്ങളിലും ജാതിഗോത്രങ്ങളിലും
ഇടുങ്ങി ഞെരിഞ്ഞമർന്ന്
സമ്മർദ്ധങ്ങളിൽ
മരവിക്കുന്ന



ഇതിനിടയിൽ
ആരും പരസ്പരം നിയന്ത്രിക്കാത്ത,
എല്ലാവരും
ഒറ്റയ്ക്കും കൂട്ടായും
സ്വയം നിയന്ത്രിക്കുന്ന,
ഉപദ്രവമാകാത്ത
എല്ലാ സന്തോഷങ്ങളെയും
വിലമതിക്കുന്ന,
സ്നേഹ -സൗഹൃദ - പ്രണയകാലം
നിയന്ത്രണങ്ങളെ
തകർത്തെറിഞ്ഞ്
സ്വയം രൂപം കൊള്ളും.
എത്ര വൈകിയാലും....



പ്രേമരാജൻ കാന


Parvathi A. Nair
8E

# എൻ കുളിർക്കാറ്റേ

എവിടെയാണ് നീ...
ഞാൻ കാണാതെ എന്നെ തഴുകുകയാണോ?



ഒരുനോക്കു കാണുവാൻ എൻ കുളിർക്കാറ്റേ...
അരികിൽ നീ വരുകയില്ലെന്നുറപ്പോ?

എന്നെ തഴുകുന്ന പൂവായി നീയും
നിന്നിൽവസിക്കുന്ന തേനായി ഞാനും!

നിൻ ഹൃദയത്തിൻ തേനൊലിസംഗീതം
എൻ ഹൃദയത്തിന്റെ താരാട്ടായി മാറിയോ?

എത്രനാൾവരെയും കാത്തിരിക്കാം ഞാൻ
എൻ മുന്നിൽ ദൃശ്യനാവെൻ കുളിർക്കാറ്റേ...


നിന്റെ വെൺസ്പർശത്താൽ ഞാൻ ധന്യയായി
എൻ  മുന്നിൽ വരുമോ  എൻ പൊൻകുളിർക്കാറ്റെ

ഒരു നോക്കുകാണുവാനെൻ കുളിർക്കാറ്റേ
അരികിൽ നീ വരികയില്ലെന്നുറപ്പോ...
അരികിൽ നീ വരികയില്ലെന്നുറപ്പോ...



അരുണിമ എസ്
8E


# GEOMETRICAL PATTERN



SAYANTH M
9C




# GEOMETRICAL PATTERN





Ashwin m.v 9 - c

GEOMETRICAL PATTERN





Adithyan k.s 9 - c

# *MY GUARDIAN*



*In my whole life they with me,*
*when i am sad or happy they also with me,*
*in my all memories they love me lot,*
*they are my shadow because of they don’t left me,*
*for all time i forget to say thanks,*
*if they scold me in a second they come and pat me*
*even though i get old i am kid for*
*I love them so much.*



JANNYA K V
8F

# LOVELY MOTHER





VAISHNAV
8G

## संस्कृतशिक्षणे नाटकस्य महत्वम् ।

चिन्तनस्य विचाकविनिमयस्य च प्रबलमाध्यमरूपेण मानवविकासस्य प्रमुखसाधनरूपेण मानवसमाजस्य निर्माणविकासयोः च निदानत्वेन भाषायाः योगदानं विज्ञैः सम्मन्यते । मानवसभ्यतायाः संस्कृतेश्च विकासे भाषायाः स्थानमतिमहत्वपूर्णं वर्तते । कस्यापि जनस्य बौद्धिकः मानसिकः सामाजिकः राजनैतिकः विकासः तस्य भाषायाः साहित्यस्य च समृद्धमाश्रयति यां सः साधनत्वेन उपभुङ्क्ते । भाषाशिक्षा व्यक्तेः व्यक्तित्वस्य विकासे सहायिका भवति । सा व्यक्तेः कृते दैनन्दिनजीवने व्यावहारिककुशलतां कल्पयति । मानवव्यक्तित्वस्य गतिशीलता बहुशः भाषाप्रयोगे निर्भरा भवति । तथा चैतत् स्पष्टं भवति यत् शिक्षायां भाषायाः विशेषमहत्वमस्तीति । यदि शिक्षा जीवनस्य सन्नाहः तर्हि भाषा तस्य उद्देशस्य पूर्तये प्रबलं साधनं भवति । संस्कृत साहित्ये नाटकं रमणीयं काव्यं भवति । श्रव्यं दृश्यमिति काव्यं द्विविधं भवति । श्रव्यकाव्यं केवलं कर्णसुखं भवति । दृश्यकाव्यं तु कर्णस्य तथा नेत्रयोः च सुखदं भवति । अतः संस्कृते नाटकस्य विशिष्टं वर्तते । अतः एवोक्तं काव्येषु नाटकं रम्यमिति । भरतमुनिना नाट्यशास्त्रे नाटकं चतुर्णां वेदानां सारः इति । पञ्चमवेदमिति च अकथयत् ।

यथा जग्राह पाठ्यं ऋग्वेदात् सामभ्यो गीतमेव च । यजुर्वेदादभिनयान् रसानथर्वणादपि । इति ।

नाट्यास्त्यं पञ्चमं वेदम् इति च ।

दशरूपककारः धनञ्जयः अवस्थानुकृतिर्नाट्यः इति नाकस्य लक्षणं निरवोचयत् ।

संस्कृतनाटकानि पद्यबहुलानि भवन्ति । नाटकाभिनयाय रङ्गमञ्चः सज्जीकृतो भवति । पात्रधारिणः उचितैः वेषभूषाधिभिः हावभावैः क्रायाकलापैश्च अभिलयं कुर्वन्ति । नाटकस्य द्रष्टारः सामाजिकाः पात्रेषु तल्लीनाः रसानुभवं प्राप्नुवन्ति । नाटके चतुर्विधः अभिनयः भवति । तत्तु सात्विकः आङ्गिकः वाचिकः आहार्यश्चेति । नाटकाभिनयः बालकानां मानसिकविकासे महत्वपूर्णस्थानं आदर्शपूर्णपात्राणमनुकरणेन बालकाः सच्चारित्र्यं सम्पादयितुं शक्नुवन्ति । नाटकीयानुभवानां आचाराणां ग्रहणेन अधीतस्य इतिहासस्य साहित्यस्य च अध्ययनं सफलीकुर्वन्ति । पात्राणां परिस्थितीनां च मननेन विवेचनेन च विषयं हृदयङ्गमं कुर्वन्ति । अभिनयेन साकं शब्दानां स्पष्टोच्चारणम् आरोहावरोहणपूर्वकं ध्वनीनामुच्चारणं प्रवाहरूपेण भाषणं भावानामभिव्यक्तिः इत्यादि गुणाः शिक्षितुमर्हन्ति ।

एवं नाटके अभिनयेन सहयोगस्य भावना वर्धते । सभायां जनानां पुरतः भाषणे सङ्कोचरहिताः भवन्ति छात्राः ।

अभिनन्द् सि के ।

एच् एस् टि संस्कृतम् ।

टि एम् एच् एस् एस् वेल्लोरा





# LITTLE KITES MEMBERS

